# കുടിയേറ്റം

( Rev. Fr. Jacob Mudakalil O. S. H. )

“പാവങ്ങളുടെ പിതാവ്” എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന പരേതനായ അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്ന ഒന്നായിരുന്നു കിടക്കാനിടമില്ലാതെയും കൃഷി ചെയ്യാൻ സ്ഥലമില്ലാതെയും കഷ്ടപ്പെടുന്ന തന്റെ അജഗണങ്ങളുടെ ദയനീയസ്ഥിതി. ഇതിനുള്ള പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി അവിടുന്നു സദാ ചിന്തിച്ചുകൊണ്ടിരുന്നു. സാധുക്കളോടു ദയാലുവായിരുന്ന പ്രൊഫസർ വി. ജെ. ജോസഫ് അവർകളോടു ഇതേപ്പറ്റി സുദീർഘമായി ആലോചിക്കുകയും നാനാവശങ്ങളേയുംപറ്റി അവഗാഢമായി ചിന്തിക്കയും ചെയ്തതിന്റെ ഫലമായി ഉടലെടുത്തതാണു് മഹത്തായ മലബാർ കുടിയേറ്റം.

ഈ പ്രസ്ഥാനം പ്രാവർത്തികമാക്കുന്നതിനും കുടിയേറ്റത്തെപ്പറ്റിയുള്ള ജ്ഞാനം ജനഹൃദയങ്ങളിലേക്കു പകർന്നു കൊടുക്കുന്നതിനും വേണ്ടി തറയിൽ ബ. തോമ്മസച്ചനും (ഇപ്പോഴത്തെ രൂപതാ മെത്രാൻ) പ്രൊഫസർ ജോസഫും അമ്പലത്തിങ്കൽ ഏബ്രഹാം സാറും കൂടെ രൂപതയിലെ ഏതാനും ഇടവകകൾ സന്ദർശിക്കയും പ്രസംഗപരമ്പരകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി പാവപ്പെട്ട ജനങ്ങൾക്കു കുടിയേറി താമസിക്കുന്നതിനുള്ള പ്രചോദനം ലഭിച്ചു.

പ്രൊഫസർ ജോസഫിന്റെ അടുത്ത സംരംഭം കുടിയേറ്റത്തിനു പറ്റിയ സ്ഥലം കണ്ടുപിടിച്ചു വാങ്ങിക്കുക എന്നുള്ളതായിരുന്നു. മംഗലാപുരത്തു് ദീർഘകാലം കോളജു പ്രൊഫസറായി ജോലിചെയ്തിരുന്ന അദ്ദേഹത്തിനു ധാരാളം ശിഷ്യസമ്പത്തുണ്ടായിരുന്നതുകൊണ്ടും അവരുമായുള്ള സമ്പർക്കത്തിന്റെ ഫലമായും മലബാർ പ്രദേശങ്ങളിലെ ഫലദായകമായ പല സ്ഥലങ്ങൾ നേരിട്ടു് കാണുകയും കുടിയേറ്റത്തിനു് പറ്റിയ സ്ഥലങ്ങൾ നിർണ്ണയിക്കുകയും ചെയ്തു. ആദ്യമായി അദ്ദേഹം കണ്ടെത്തുകയും വാങ്ങാൻ തീരുമാനിക്കുകയും ചെയ്തതു് കാസർകോഡ് താലൂക്കിൽ, പനത്തടി ഗ്രാമത്തിൽ നീലേശ്വരം വടക്കുംകൂർ രാജാവിന്റെ വക രണ്ടായിരം ഏക്കർ സ്ഥലമാണു്.

സമുദായ സ്നേഹിയും, ദീർഘദൃഷ്ടിയോടുകൂടിയവനുമായ പ്രൊഫസർ ജോസഫിന്റെ യഥാർത്ഥമായ ആഗ്രഹം കാസർകോടു മുതൽ തൃശ്ശൂർ വരെ കുറഞ്ഞതു് അഞ്ചു കോളനികൾ എങ്കിലും സ്ഥാപിച്ചു് ക്രൈസ്തവ കുടിയേറ്റത്തിന്റെ ഒരു ശൃംഖല തന്നെ മലബാർ പ്രദേശത്തു് സൃഷ്ടിക്കണമെന്നായിരുന്നു. ഈ ലക്ഷ്യം കൺമുൻപിൽ വച്ചുകൊണ്ടു് അദ്ദേഹം അടുത്ത കോളനി സ്ഥലത്തിനുവേണ്ടി, കണ്ണൂർനിന്നും ഏകദേശം 30 മൈൽ കിഴക്കു് ശ്രീകണ്ഠാപുരം എന്ന സ്ഥലത്തു് 2000 ഏക്കർ സ്ഥലം വാങ്ങിക്കുകയും ചെയ്തു.

1943 ഫെബ്രുവരി മാസം 2–ാം തീയതി ഭൂമിയില്ലാത്ത പാവപ്പെട്ട എഴുപത്തിരണ്ടു കുടുംബക്കാർ രണ്ടു് ബ. വൈദികരുടെ നേതൃത്വത്തിൽ ഒന്നാമത്തെ സ്ഥലത്തു് കുടിയേറിപ്പാർക്കുകയും രാജാവായ ക്രിസ്തുവിന്റെ നാമത്തിൽ സ്ഥാപിതമായ ആ കോളനി “രാജപുരം” കോളനി എന്ന പേരിൽ അന്നു മുതൽ അറിയപ്പെടുകയും ചെയ്തു.

അധികം താമസിയാതെ, ഏതാണ്ടു് നൂറു കുടുംബങ്ങൾ രണ്ടാമത്തെ സ്ഥലത്തു് കുടിയേറിപ്പാർക്കുകയും ഈ കുടിയേറ്റപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി, ആ കോളനി അന്നുമുതൽ “അലക്സ്നഗർ” കോളനി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

പ്രൊഫസർ വി. ജെ. ജോസഫിന്റെ ധീരമായ നേതൃത്വവും ബ. വൈദികരുടെ അനുഗ്രഹീതമായ സാന്നിദ്ധ്യവും, രൂപതാദ്ധ്യക്ഷന്റെ പൈതൃകമായ പിൻബലവും കുടിയേറ്റക്കാർക്കു് ആത്മധൈര്യം നൽകുകയും പ്രതികൂല സാഹചര്യങ്ങളോടു് മല്ലടിച്ചുകൊണ്ടു് തങ്ങളുടെ ഭാവി സുരക്ഷിതമാക്കാനുള്ള ആവേശം അവരിൽ അങ്കുരിപ്പിക്കുകയും ചെയ്തു. കാട്ടുമൃഗങ്ങളോടും മലമ്പനിയോടും പടപൊരുതിക്കൊണ്ടു്, ആദ്യ കുടിയേറ്റക്കാർ കാടുകളും മേടുകളും വെട്ടിത്തെളിച്ചു് അവയെല്ലാം കൃഷിഭൂമികളായി രൂപാന്തരപ്പെടുത്തുകയും ക്രമേണ ആ പ്രദേശങ്ങളെല്ലാം വളരെയേറെ ആദായമുള്ള വിളഭൂമികളായി രൂപാന്തരപ്പെടുകയും ചെയ്തു. തിരുവിതാംകൂർപ്രദേശത്തു് പരിമിതമായ ഭൂസ്വത്തുമാത്രം ഉണ്ടായിരിക്കുകയും തന്മൂലം ജീവിതംതന്നെ കഷ്ടതയിലായിരുന്നതുമായ അനേക കുടുംബങ്ങൾ ഇന്നു് വിപുലമായ ഭൂസ്വത്തിന്റെ ഉടമകളായിത്തീർന്നു സാമാന്യം സുഖമായും സുഭിക്ഷമായും ജീവിക്കത്തക്ക സാഹചര്യം അവർക്കു സംജാതമായിരിക്കയാണു്.

ഈ രണ്ടു കോളനികളോടനുബന്ധിച്ചു് കൂടുതൽ വസ്തുക്കൾ വാങ്ങിക്കൊണ്ടു് വീണ്ടും വീണ്ടും ആളുകൾ ആ പ്രദേശങ്ങളിൽ കുടിയേറുകയുണ്ടായി. അങ്ങനെ ഇന്നു് ഈ രണ്ടു കോളനികളിലായി ഏതാണ്ടു് 1500 കുടുംബങ്ങൾ സുഭിക്ഷമായി ജീവിക്കുന്നു എന്നതു് തികച്ചും സന്തോഷകരമായ ഒരു വസ്തുതയാണു്.

കോളനികൾ സ്ഥാപിതമായതോടൊപ്പംതന്നെ ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി, ദേവാലയങ്ങൾ പണിയപ്പെട്ടു. അങ്ങനെ ഈ രണ്ടു കോളനികളിലായി, മനോഹരങ്ങളായ ആറു ദേവാലയങ്ങൾ ഉയർന്നു കഴിഞ്ഞു. കോളനിനിവാസികളുടെ മാനസികവികസനത്തിനുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ രണ്ടു ഹൈസ്കൂ

ളുകളും, നാലു യു. പി. സ്കൂളുകളും ആറു പ്രൈമറി സ്കൂളുകളും ഈ കോളനികളിൽ പ്രവർത്തിക്കുന്നുണ്ടു്. ബ. കന്യാസ്ത്രീകളുടെ സേവനങ്ങളും ഈ കോളനിക്കാർക്കു് ലഭിച്ചിട്ടുണ്ടു്. അങ്ങനെ ഏതു നിലയിൽ നോക്കിയാലും ഇന്നു് ആ കോളനികൾ രണ്ടും ഏതു ഇടവകകളോടും കിടപിടിക്കത്തക്ക വിധത്തിൽ ഉയർന്നുകഴിഞ്ഞിരിക്കുകയാണു്.

ഈ കോളനികളുടെ അത്ഭുതകരമായ വളർച്ചയും നേട്ടവും മനസ്സിലാക്കിയ തറയിൽ തിരുമേനി മൂന്നാമതു് ഒരു കോളനികൂടി സ്ഥാപിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചതിൻെറ ഫലമായി ഈവർഷം ജനുവരി 26–ാം തീയതി വടക്കേ മലബാറിൽ തന്നെ "റാണിപുരം" എന്ന പേരിൽ ഒരു പുതിയ കോളനികൂടി രൂപമെടുത്തു. ഏതാണ്ടു് 1000 ഏക്കർ സ്ഥലം രൂപതയിൽനിന്നു് വിലയ്ക്കു വാങ്ങിച്ചിട്ടു്, നൂറോളം കുടുംബങ്ങളെ അവിടെ കുടിയിരുത്തുകയാണു ചെയ്തതു്. മെത്രാഭിഷേക രജതജൂബിലിസ്മാരകമായി ആരംഭിച്ച മഹത്തായ ഒരു സംരംഭമെന്നുതന്നെ ഈ കോളനിയെപ്പററി പറയാം.

സംഘടിതമായ കുടിയേററപ്രസ്ഥാനം ഒരാശയമായി കേരള ക്രൈസ്തവ സമുദായത്തിൽ വളർന്നുവരാൻ തുടങ്ങിയിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞുവെങ്കിലും ഈ ആശയം പ്രായോഗികമായി ആദ്യമായി നടപടിയിൽവന്നതു് അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ കാലത്തായിരുന്നുവെന്നുള്ളതു ഒരു ചരിത്ര വസ്തുതയാണു്. ഒററയ്ക്കു് ഒററയ്ക്കു് അനേക കുടുംബങ്ങൾ മലബാറിൻെറ മലയോരങ്ങളിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയിട്ടു് വർഷങ്ങൾപലതായെങ്കിലുംസംഘടിതമായ കുടിയേററം ഒരു പ്രസ്ഥാനമെന്ന നിലയിൽ രൂപമെടുത്തതു് 1943–ൽ മാത്രമാണു്.

സംഘടിതമായ ഈ കുടിയേററത്തിൻെറ ആദ്ധ്യാത്മികവും സാമ്പത്തികവുമായ നേട്ടം പ്രത്യേകം പരിഗണനാർഹമാണു്.

സുവിശേഷത്തിൻെറ വെളിച്ചം കാണാത്തവരും ക്രിസ്തുവിൻെറ സന്ദേശം കേൾക്കാത്തവരുമായ അനേകരുടെ ഇടയിൽ. പരോക്ഷമായ ഒരു പ്രേഷിത പ്രവർത്തനമാണു് ഈ കുടിയേററ പ്രസ്ഥാനത്തിലെ ഏററവും വിശിഷ്ടമായ ആദ്ധ്യാത്മിക നേട്ടം. അതു് പ്രേഷിത മണ്ഡലത്തിലെ ഒരു പുതിയ പരീക്ഷണം തന്നെയാണു്. Evangelisation through transplatation) ഈ പരീക്ഷണത്തിൻെറ ഒരു വിജയമകുടമല്ലേ തലശേരി രൂപതതന്നെ. കേരള മക്കൾ ഈ പരീക്ഷണം വടക്കേ ഇൻഡ്യയിലും നടത്തേണ്ടതാണെന്നാണു് ഈ ലേഖകൻെറ വിനീതമായ അഭിപ്രായം.

അതുപോലെതന്നെ, വർദ്ധിച്ചുവരുന്ന ജനതയുടെ ഭക്ഷ്യപ്രശ്നവും ഈ കുടിയേററപ്രസ്ഥാനത്തിലൂടെ വിജയകരമായി പരിഹരിക്കപ്പെടുകയാണു്. പരിമിതമായ ഭൂസ്വത്തുമൂലം ജീവിക്കാൻപോലും നിവൃത്തിയില്ലാതെ കഷ്ടപ്പെട്ടിരുന്ന അനേകായിരം കുടുംബങ്ങൾ ഈ പ്രസ്ഥാനംമൂലം സുഖമായും സുഭിക്ഷമായും ജീവിക്കുന്ന സാഹചര്യം സംജാതമായിരിക്കുകയാണു്. ഇത്രയേറെ കുടുംബങ്ങൾ വടക്കെ മലബാറിലേക്കു് കുടിയേറിയിട്ടില്ലായിരുന്നുവെങ്കിൽ, മദ്ധ്യതിരുവിതാംകൂറിലെ, ജനസാന്ദ്രതയും ഭക്ഷ്യപ്രശ്നവും എത്ര രൂക്ഷമാകുമായിരുന്നുവെന്നു് ഊഹിക്കാൻപോലും സാദ്ധ്യമല്ല. ആ പ്രശ്നങ്ങളെ ഫലപ്രദമായും വിജയകരമായും തരണം ചെയ്യാൻ സാധിച്ച ഈ കുടിയേററപ്രസ്ഥാനം സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിലെ ഒരു നിശ്ശബ്ദവിപ്ലവംതന്നെയായിരുന്നു.

സ്ഫോടകാത്മകമായ വിധത്തിൽ വളർന്നിരിക്കുന്ന കേരളത്തിലെ ജനസാന്ദ്രതയെ ലാഘവപ്പെടുത്തുന്നതിനു്, ജനശൂന്യമായ ഇൻഡ്യയിലെ ഇതരഭാഗങ്ങളിൽ കേരള ജനതയെ കുടിയിരുത്തുന്ന കാര്യം ചിന്തിക്കാൻ ഈ പ്രസ്ഥാനങ്ങൾ നേതാക്കന്മാർക്കു മാർഗ്ഗദർശനം നൽകട്ടെ എന്നു് ആശംസിക്കുന്നു.


KOTTAYAM RUBBER WORKS

MARKET LANDING

KOTTAYAM-1.

Cables & Gram:
"RUBERTHRED"
Phone Office 2552
Factory: 3136
Residence: 44
(Kumarakom)

Manufacturers and Exporters of quality Rubber Threads, Bands, Fingertips, Gloves, Elastic and other moulded goods.

Proprietress:- A. C THACHARA